ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഛത്തീസ്ഗഢിലെത്തും. റായ്പൂർ എയിംസിന്റെ രണ്ടാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

President Draupadi Murmu will reach Chhattisgarh today for a two-day visit. In Raipur She will attend the second graduation ceremony of AIIMS.

2). സുപ്രീംകോടതി ചീഫ് ജസ്റ്റിസായി സഞ്ജീവ് ഖന്നയെ രാഷ്ട്രപതി നിയമിച്ചു.

President Draupadi Murmu Appointed Justice Sanjeev Khanna as The New Chief Justice In Supreme Court.

3). ദാന ചുഴലിക്കാറ്റ് ഒഡീഷയിൽ കടന്നു. കനത്ത മഴ തുടരുന്നു. നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

Cyclone Dana makes landfall in Odisha. Heavy rain continues. No damage was reported.

4). ഇന്ത്യ-ജർമ്മനി ഏഴാമത് സർക്കാർ തല ചർച്ചകൾ ഇന്ന് ന്യൂഡൽഹിയിൽ. പ്രധാനമന്ത്രി നരേന്ദ്രമോദിയും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസും സംയുക്ത അദ്ധ്യക്ഷത വഹിക്കും.

India-Germany 7th government level talks in New Delhi today. Prime Minister Narendra Modi and German Chancellor Olaf Scholz will jointly chair the event.

5). **വയനാട്, ചേലക്കര, പാലക്കാട് ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണത്തിൻറെ സമയപരിധി ഇന്ന് അവസാനിക്കും. പ്രമുഖ സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു.**

**Filing Of Nominations will End Today for the Bye elections Of Wayandu, Palakkad, Chelakkara Constituencies. Main Candidates Filed Nomination Papers.**

6). **ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതകൾക്ക് ജയം.**

**Indian Women Wins Aganist NewZeaLand In The First OneDay Match**

**************************************************

## PRESIDENT CHHATTISGARH

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഛത്തീസ്ഗഢിലെത്തും. റായ്പൂരിൽ എയിംസിന്റെ രണ്ടാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. പ്രസിഡന്റ് മുർമു റായ്പൂരിലെ എൻഐടിയുടെ 14-ാമത് സമ്മേളനത്തിൽ പങ്കെടുക്കുകയും നയാ റായ്പൂരിലെ സാംസ്കാരിക ശിൽപ ഉദ്യാനമായ പുർഖൗതി മുക്തംഗൻ സന്ദർശിക്കുകയും ചെയ്യും. നാളെ, ഭിലായിലെ ഐഐടിയുടെ നാലാമത്തെ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. ദീൻദയാൽ ഉപാധ്യായ മെമ്മോറിയൽ ഹെൽത്ത് സയൻസും റായ്പൂരിലെ ആയുഷ് സർവകലാശാലയും രാഷ്ട്രപതി സന്ദർശിക്കും .

**************************************************

## CJI APPOINTMENT

സുപ്രീംകോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്നയെ നിയമിച്ചു. നിലവിലെ ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് വിരമിച്ച ശേഷം അടുത്തമാസം 11-ാം തീയതി മുതൽ നിയമനം പ്രാബല്യത്തിൽ വരും. ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡുമായി

ആശയവിനിമയം നടത്തിയ ശേഷം രാഷ്ട്രപതി ദ്രൗപദി മുർമുവാണ് പുതിയ ചീഫ് ജസ്റ്റിസിനെ നിയമിച്ചു ള്ള ഉത്തരവിറക്കിയത്. നിലവിൽ സുപ്രീംകോടതിയിലെ ഏറ്റവും മുതിർന്ന രണ്ടാമത്തെ ജഡ്ജിയാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന.

***********************************************

## CJI INTERVIEW

കഴിഞ്ഞ 75 വർഷത്തിനിടെ സുപ്രീം കോടതി ജനകീയ കോടതിയായി മാറിയെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്. പരമോന്നത കോടതി ജനങ്ങളുടെ കോടതിയായി പ്രവർത്തിക്കുന്ന സാഹചര്യം ലോകത്ത് മറ്റൊരിടത്തും ആവർത്തിക്കപ്പെട്ടിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. സുപ്രീം കോടതിയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് ചീഫ് ജസ്റ്റിസ് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള തന്റെ ഉൾക്കാഴ്ചകൾ പങ്കുവെച്ചത്.

***********************************************

## GERMAN CHANCELLOR

ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ഏഴാമത് സർക്കാർ തല ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസും ഇന്ന് സംയുക്തമായി അദ്ധ്യക്ഷത വഹിക്കും. ന്യൂഡൽഹിയിലാണ് ചർച്ച. ഇരുരാജ്യങ്ങളിലും നിന്നുള്ള മന്ത്രിമാരും ചർച്ചയിൽ പങ്കെടുക്കും. സുരക്ഷ, പ്രതിരോധ, സാമ്പത്തിക സഹകരണം, ഹരിത-സുസ്ഥിര വികസന പങ്കാളിത്തം, തന്ത്രപ്രധാന സാങ്കേതികവിദ്യ എന്നീ രംഗങ്ങളിലെ സഹകരണം എന്നിവയും ശ്രീ മോദിയും ഒലാഫ് ഷോൾസും തമ്മിലുള്ള ചർച്ചയിൽ വിഷയമാകും. 18-ാമത് ജർമ്മൻ ബിസിനസ് ഏഷ്യ-പസഫിക് സമ്മേളനത്തെയും ഇരുനേതാക്കളും അഭിസംബോധന ചെയ്യും.

*****************************************************

**CYCLONE DANA**

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ദാന ചുഴലിക്കാറ്റ് ഒഡീഷ തീരത്ത് വീശിയടിച്ചു. ഭിതാർകനിക ദേശീയോദ്യാനത്തിനും ധംറ തുറമുഖത്തിനും മധ്യേയാണ് അർദ്ധരാത്രി 12 മണി കഴിഞ്ഞ ഉടൻ ചുഴലിക്കാറ്റ് കരയിലേക്ക് പ്രവേശിച്ചത്. നൂറ്റി ഇരുപത് കിലോമീറ്റർ വേഗതയിലാണ് കാറ്റ് വീശുന്നത്. ചുഴലിക്കാറ്റ് ഉത്തര ഒഡീഷയും പശ്ചിമബംഗാൾ തീരവും കടന്നു പോകുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇതിൻറെ ഭാഗമായി കനത്ത മഴയും പെയ്യുന്നുണ്ട്. അതേസമയം നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

*****************************************************

**CYCLONE DANA 2**

ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ആറ് ലക്ഷത്തിലധികം പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ഒഡീഷയിലെ എല്ലാ ജില്ലകളിലും ചുഴലിക്കാറ്റിനെ നേരിടാൻ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്.

*****************************************************

**RAJNATH INDIA CHINA - (INTRO)**

യഥാർത്ഥ നിയന്ത്രണ രേഖയിലെ പ്രദേശങ്ങൾ സംബന്ധിച്ച് നിലനിൽക്കുന്ന ഭിന്നതകൾ പരിഹരിക്കുന്നതിന് ഇന്ത്യ-ചൈന നയതന്ത്ര-സൈനിക തല ചർച്ചകൾ പുരോഗമിക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ചാണക്യ പ്രതിരോധ സംഭാഷണത്തിൻറെ രണ്ടാം പതിപ്പിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തുടർച്ചയായ ചർച്ചകളിലൂടെ എത്രയും വേഗം ഭിന്നതകൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നും കേന്ദ്രമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

(HOLD.............)

വികസനവും സുരക്ഷയും സംബന്ധിച്ച് ഇന്ത്യയ്ക്ക് സവിശേഷമായ കാഴ്ചപ്പാടാണുള്ളതെന്നും പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നത് സുപ്രധാന ലക്ഷ്യമാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. വിവര സാങ്കേതിക വിദ്യ, ഉപഗ്രഹ ആശയവിനിമയം, നിർമ്മിത ബുദ്ധി തുടങ്ങിവയിലെ പുരോഗതി ആഗോള സമ്പദ് വ്യവസ്ഥയെ മാറ്റിമറിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**********************************************

**GULMARG TERROR ATTACK**

വടക്കൻ കശ്മീരിൽ ബാരാമുള്ള ജില്ലയിലെ ഗുൽമാർഗ് ബടാപത്രി മേഖലയിൽ സൈനിക വാഹനത്തിന് നേരെ ഭീകരർ നടത്തിയ ആക്രമണത്തിൽ രണ്ട് സൈനികർക്ക് വീരമൃത്യു. രണ്ട് ചുമട്ടുതൊഴിലാളികളും കൊല്ലപ്പെട്ടു. കശ്മീർ താഴ്വരയിൽ ഒരാഴ്ചയ്ക്കിടെ നടക്കുന്ന രണ്ടാമത്തെ ഭീകരാക്രമണമാണിത്. നേരത്തെ, മധ്യ കശ്മീരിലെ ഗന്ദർബാൽ ജില്ലയിലെ ഗംഗാംഗിർ മേഖലയിൽ ആറ് പേരും മധ്യ കശ്മീരിലെ ബുദ്ഗാം ജില്ലയിൽ നിന്നുള്ള ഒരു ഡോക്ടറും കൊല്ലപ്പെട്ടിരുന്നു.

**********************************************

**ELECTION KERALA**

കേരളത്തിൽ വയനാട് ലോക്സഭാ മണ്ഡലം, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ എല്ലാവരും തന്നെ പത്രിക സമർപ്പിച്ചു. എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രിക സമർപ്പിച്ചതോടെ ചേലക്കര, പാലക്കാട് മണ്ഡലങ്ങളും വാശിയേറിയ തിരഞ്ഞെടുപ്പ് പ്രചാരണത്തിലേക്ക്

കടന്നിരിക്കുകയാണ്. അടുത്ത മാസം 13- നാണ് വോട്ടെടുപ്പ്. ഫലപ്രഖ്യാപനം നവംബർ 23 - ന് നടക്കും.

**********************************************

**WAYANAD – (INTRO)**

വയനാട് ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെല്ലാം നാമനിർദേശ പത്രിക സമർപ്പിച്ചതോടെ തെരഞ്ഞെടുപ്പ് രംഗം ചൂടേറി.

**വിശദാംശങ്ങളുമായി ആകാശവാണി**

**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്........**

**(VOICE.......................)**

**********************************************

**WOMEN S CRICKET**

ഇന്നലെ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടന്ന വനിതാ ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ 59 റൺസിന് ന്യൂസിലൻഡിനെ പരാജയപ്പെടുത്തി. 228 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ന്യൂസിലൻഡ് 40.4 ഓവറിൽ 168 റൺസിന് പുറത്തായി. ഇന്ത്യയ്ക്കായി രാധ യാദവ് മൂന്ന് വിക്കറ്റും സൈമ താക്കൂർ രണ്ട് വിക്കറ്റും വീഴ്ത്തി. നേരത്തെ, ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ 44.3 ഓവറിൽ 227 റൺസിന് ഓൾഔട്ടായി. പ്ലെയർ ഓഫ് ദ മാച്ച് ആയി ദീപ്തി ശർമ്മ തിരഞ്ഞെടുക്കപ്പെട്ടു. ഞായറാഴ്ചയാണ് പരമ്പരയിലെ രണ്ടാം മത്സരം.

**********************************************

**CRICKET TEST**

പൂനെ ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ദിനം ഇന്ത്യ ഇന്ന് ബാറ്റിംഗ് പുനരാരംഭിക്കും. ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ ഒരു വിക്കറ്റിന് 16 റൺസ് എന്ന നിലയിലാണ്.

ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് ഇന്നിംഗ്സ് 259 റൺസിന് അവസാനിച്ചു. വാഷിംഗ് ടൺ സുന്ദർ അഞ്ച് വിക്കറ്റ് നേടി.

**************************************************

## RANI RAMPAL

ഇന്ത്യൻ വനിതാ ഹോക്കിയിലെ ഇതിഹാസ താരം റാണി രാംപാൽ വിരമിക്കൽ പ്രഖ്യാപിച്ചു. 254 രാജ്യാന്തര മത്സരങ്ങൾ കളിച്ചിട്ടുള്ള താരം 120 ഗോളുകളും നേടിയിട്ടുണ്ട്.

**************************************************

## ARJUN ERIGAISI

ഇന്ത്യൻ ഗ്രാൻ മാസ്റ്റർ അർജുൻ എറിഗൈസി 2800 എലോ റേറ്റിംഗ് കടന്നു. സെർബിയയിൽ നടക്കുന്ന യൂറോപ്യൻ ചെസ് ക്ലബ് കപ്പിൽ ഇന്നലെ നടന്ന മത്സരത്തിൽ റഷ്യൻ താരം ദിമിത്രി ആൻഡ്രെകിനെ തോൽപ്പിച്ചതോടെയാണ് താരം ഈ നേട്ടത്തിനുടമയായത്. വിശ്വനാഥൻ ആനന്ദിന് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ താരം ഈ നേട്ടം സ്വന്തമാക്കുന്നത്. ലോക മൂന്നാം നമ്പറിലെത്തിയിട്ടുണ്ട് ഇപ്പോൾ അർജുൻ എറിഗൈസി.

**************************************************

## WRESTLING

ഇന്നലെ രാത്രി അൽബേനിയയിലെ ടിറാനയിൽ നടന്ന 2024 അണ്ടർ-23 ഗുസ്തി ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഒരു വെള്ളിയും വെങ്കലവും നേടി. 59 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ അഞ്ജലി ഉക്രെയ്നിൻ്റെ സോളിമിയ വിന്നിക്കിനെ പരാജയപ്പെടുത്തി വെള്ളി നേടി. മറ്റൊരു മത്സരത്തിൽ 68 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മോണിക്ക ചൈനീസ് താരം സിൻസെ ഡുവിനെ 5-3 ന് പരാജയപ്പെടുത്തി വെങ്കല

മെഡൽ നേടി. പുരുഷന്മാരുടെ 55 കിലോഗ്രാം ഗ്രീക്കോ-റോമൻ വിഭാഗത്തിൽ ആദം ഉൽബഷേവിനെ 14 -10 ന് തോൽപ്പിച്ച് ഇന്ത്യയുടെ വിശ്വജിത് രാമചന്ദ്ര മോറെ വെങ്കലം നേടി.

**********************************************

## SPORTS AWARDS

2024 ലെ കായിക പുരസ്കാരങ്ങൾക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ നവംബർ 14-നകം dbtyas-sports.gov.in എന്ന പോർട്ടലിലൂടെ സമർപ്പിക്കണം.

**********************************************

## RAIN KERALA

കേരളത്തിൽ കനത്ത മഴ തുടരും. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**********************************************

## VP - KARNATAKA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കർണാടകയിൽ എത്തും. സന്ദർശനത്തിൻ്റെ ആദ്യ ദിവസം കർണാടകയിലെ മാണ്ഡ്യയിലെ ബിജി നഗറയിലുള്ള ആദിചുഞ്ചനഗിരി സർവകലാശാലയിലെ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിക്കും. കർണാടക രാജ്ഭവനും അദ്ദേഹം സന്ദർശിക്കും.

*************

**********************************

**********************************************